

എസ്. ഹരികിഷോർ ഐ.എ.എസ്

# അഭിരുചിക്കനുസൃതമായ തൊഴിൽ ഡി.ഡി.യു–ജി.കെ.വൈ

സൗജന്യ പരിശീലനം നേടി ഇഷ്ടപ്പെട്ട തൊഴിൽമേഖലയിലേക്ക് ചേക്കേറാൻ വളരെയധികം അവസരങ്ങളാണ് ഈ വർഷം കുടുംബശ്രീയിലൂടെ വരാൻ പോകുന്നത്. വരും നാളുകളിൽ നിരവധിപേർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീ സജ്ജമായി കഴിഞ്ഞു. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, അക്കൗണ്ടിങ്, അൺ ആംഡ് സെക്യൂരിറ്റി, ഇലക്ട്രീഷ്യൻ ആൻഡ് പ്ലംബിങ്, സെയിൽസ് ആൻഡ് മാർക്കറ്റിങ് തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ പരിശീലനം നൽകാൻ 34 ഏജൻസികളുമായി കരാറുണ്ട്. കേന്ദ്ര പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു-ജി.കെ.വൈ) യിലൂടെയാണ് ഇത് സാധ്യമാകുന്നത്.

കൂടുതൽ നൂതനമായ മേഖലകളിലേക്കും ഭാവിയിൽ വലിയ തൊഴിൽ സാധ്യതകൾ പ്രതീക്ഷിക്കുന്ന ഇടങ്ങളിലുമൊക്കെ തൊഴിൽ നേടാൻ പരിശീലനം നൽകാൻ 9 പുതിയ ഏജൻസികൾ കൂടി കരാറിലൊപ്പിട്ടിട്ടുണ്ട്. ഇതോടെ ആഗ്രഹത്തിനൊത്ത തൊഴിൽ പരിശീലനം, അതും വീടിനടുത്ത് തന്നെ ലഭിക്കാൻ അവസരം ഒരുങ്ങും.

കഴിഞ്ഞ ഒരു വർഷം 17000 പേർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കുടുംബശ്രീയ്ക്ക് സാധിച്ചത്. 11000ത്തിലധികം പേർ പ്രതിമാസം ആറായിരം മുതൽ ഇരുപതിനായിരത്തിലേറെ വരെ ശമ്പളം തുടക്കത്തിൽ ലഭിക്കുന്ന ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു. ചിലർക്കു വിദേശത്ത് നിയമനം ലഭിച്ചുവെന്നതും കഴിഞ്ഞവർഷത്തെ നേട്ടമായി വിലയിരുത്താം.

ലോകത്തിന് തന്നെ മാതൃകയായ ഒരു പദ്ധതിയാണ് തൊഴിലുറപ്പു പദ്ധതി. കുടുംബശ്രീ അംഗങ്ങളും കുടുംബാംഗങ്ങളും തൊഴിലുറപ്പു പദ്ധതിയിലൂടെ വരുമാനം കണ്ടെത്തുന്നവരുമാണെന്നറിയാമല്ലോ. ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നവരും ധാരാളമുണ്ടല്ലോ. ഓരോ വാർഡിലും പഞ്ചായത്തിലും തൊഴിലവസരങ്ങൾ

കണ്ടെത്താനും അതിലൂടെ ആസ്തിവികസനം ലക്ഷ്യമിടാനും തൊഴിലുറപ്പു പദ്ധതിയിലൂടെ സാധിക്കുന്നു. അവിദഗ്ധ മേഖലയിലെ ജോലിയാണ് തൊഴിലുറപ്പു പദ്ധതി. വൈദഗ്ധ്യ പരിശീലനം ആവശ്യമില്ല. എന്നാൽ, വർഷങ്ങളായി തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവർക്കു പരിശീലനം നൽകി കൂടുതൽ ഉയർന്ന വേതനം ലഭിക്കുന്ന തൊഴിൽ മേഖലയിലേക്ക് അവരെ കൈപിടിച്ചുയർത്തേണ്ട സമയമായി. ഈ കാര്യം മുമ്പിൽ കണ്ടുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് (15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും) താത്പര്യമുള്ള മേഖലയിൽ പരിശീലനം നൽകാനും ഉയർന്ന വേതനം നേടാൻ പ്രാപ്തരാക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് 5000 പേർക്ക് ഈ വർഷം ഡി.ഡി.യു-ജി.കെ.വൈയിലൂടെ പരിശീലനം നൽകും.

ഡി.ഡി.യു-ജി.കെ.വൈ പദ്ധതിയുടെ കുടക്കീഴിൽ മൂന്നാമതൊരു പദ്ധതി ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്നത് സാഗർമാല എന്ന് പേരിട്ട പരിശീലനമാണ്. ഈ വർഷം കോഴിക്കോട്, എറണാകുളം എന്നീ രണ്ട് ജില്ലകളിൽ നിന്നുള്ള തീരദേശ മേഖലയിലെ ഉദ്യോഗാർഥികൾക്കായിരിക്കും ഈ പദ്ധതിയിൽ അവസരം.

ഇപ്രകാരം 17500 പേർക്ക് തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീ സജ്ജമായിക്കഴിഞ്ഞു. കൂടുതൽ പേർ താത്പര്യവുമായി വരികയാണെങ്കിൽ കൂടുതൽ അവസരങ്ങൾ നൽകാനും കൂടുതൽ തുക ഇതിനായി ലഭ്യമാക്കാനും വകുപ്പുണ്ട്. അതിനാൽ തന്നെ ഈ പദ്ധതിയുടെ സാധ്യതകൾ അനന്തമാണ്. കുടുംബങ്ങളിൽ കുടുംബശ്രീ വഴി വരുമാനവും മാറ്റവുമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ഇപ്രകാരം ഡി.ഡി.യു-ജി.കെ.വൈ നടപ്പിലാക്കുമ്പോൾ തൊഴിൽ പരിശീലനം നേടുന്നവർക്ക് മാത്രമല്ല തൊഴിൽ പരിശീലനം നേടാൻ വേണ്ട ഉദ്യോഗാർഥികളെ കണ്ടെത്തുമ്പോഴും സിഡിഎസുകൾക്ക് വരുമാനം ലഭിക്കുന്ന ഒരു പദ്ധതി കേരളത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓരോ സിഡിഎസിലും ഉദ്യോഗാർഥികളെ കണ്ടെത്തുന്ന ചുമതല ഒരു കുടുംബശ്രീ അംഗത്തിന് നൽകാൻ വേണ്ട നിർദ്ദേശം സിഡിഎസുകൾക്ക് നൽകിക്കഴിഞ്ഞു. ഓരോ കുട്ടി തൊഴിൽ പരിശീലനത്തിന് ചേരുമ്പോഴും ഈ അംഗത്തിനും സിഡിഎസിനും നിശ്ചിത തുക ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തത്. തൊഴിൽ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ കൂടുതൽ തുക ലഭിക്കുമെന്നതിനാൽ താത്പര്യമുള്ള ഉദ്യോഗാർഥികളെ അവർക്ക് ഏറ്റവും ഇഷ്ടമുള്ള തൊഴിൽ പരിശീലന മേഖലയിലേക്ക് എത്തിക്കാൻ ഈ തീരുമാനത്തിലൂടെ സാധിക്കുമെന്ന് കരുതുന്നു. ഒരു ഉദ്യോഗാർഥി ഡി.ഡി.യു-ജി.കെ.വൈ പരിശീലനത്തിന് ചേർന്നാൽ 100 രൂപയാണ് ലഭിക്കുക. ഇതിൽ 40% സിഡിഎസിനും 60% മൊബിലൈസേഷൻ വോളന്റിയർക്കും നൽകും. ഈ കുട്ടിക്ക് ജോലി ലഭിക്കുമ്പോൾ 500 രൂപയും ലഭിക്കും. വിദേശ ജോലിയാണെങ്കിൽ തുക 1000 മാകും. ഇങ്ങനെ ഉദ്യോഗാർഥികളെ പരിശീലന പദ്ധതിയെപ്പറ്റി അറിയിക്കാനും അവരെ അവസരങ്ങളുടെ ലോകത്തേക്ക് നടത്താനും പ്രയത്നിക്കുന്ന കുടുംബശ്രീ കുടുംബാംഗങ്ങൾക്കും വരുമാനം ലഭിക്കുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2017 ഡിസംബറിന് മുമ്പ് 20000 പേർക്കെങ്കിലും പരിശീലനം നൽകുന്നത് തുടങ്ങാൻ വേണ്ടി നമുക്കൊരുമിച്ച് യത്നിക്കാം.